"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - കുളത്തൂർ ഗ്രാമപഞ്ചായത്ത് - പരിയാരം - മാവിളക്കടവ് റോഡ് ഊരംവിള - മാവിളക്കടവ് PWD മെയിൻ റോഡുമായി ബന്ധിപ്പിക്കുന്നതിന് കുളത്തൂർ വില്ലേജിൽ ഉൾപ്പെട്ട 1 ആർ സ്ഥലം 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ഉപചട്ടം (4) പ്രകാരവും നിലവിൽ പ്രാബല്യത്തിലുള്ള ഭൂമി വിലയ്ക്കെടുക്കൽ ആക്ടായ LARR Act, 2013 പ്രകാരവും ആർജ്ജിക്കുന്നതിന് കുളത്തൂർ ഗ്രാമപഞ്ചായത്തിന് ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2510/2024/LSGD                    തീയതി, തിരുവനന്തപുരം, 20-12-2024**

---

പരാമർശം:-

1. കുളത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19/03/2022 തീയതിയിലെ 4(24)-ാം നമ്പർ തീരുമാനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 07/01/2023 തീയതിയിലെ PAN/12360/2022-C7 (DP) നമ്പർ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12/11/2024 തീയതിയിലെ LSGD/PD/42781/2023-REV5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പരിയാരം - മാവിളക്കടവ് റോഡ് ഊരംവിള - മാവിളക്കടവ് PWD മെയിൻ റോഡുമായി ബന്ധിപ്പിക്കുന്നതിന് കുളത്തൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 45-ൽ സർവ്വെ നമ്പർ 91/12-ൽ ഉൾപ്പെട്ട 1 ആർ. സ്ഥലം 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം (4) പ്രകാരം ആർജ്ജിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം അനുവാദത്തിനായി സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.

2) റോഡ് നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ സ്ഥലം റോഡ് നിർമ്മാണത്തിന് അനുയോജ്യമാണെന്നുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW സബ് ഡിവിഷൻ, പാറശ്ശാല നല്കിയിട്ടുള്ള അനുയോജ്യസാക്ഷ്യപത്രവും റോഡ് വികസനത്തിന് ആവശ്യമായി വരുന്ന ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയുടെ ഒരു ഭാഗം പദ്ധതി ഗുണഭോക്താക്കൾ തന്നെ വഹിക്കുമെന്ന കരാർ ഉടമ്പടിയുടെ പകർപ്പും ജില്ലാ വികസന സമിതി അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ പകർപ്പും പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരിയാരം മാവിളക്കടവ് റോഡ് പൂർണ്ണതോതിൽ ഗതാഗത സൗകര്യമുള്ളതാക്കി തീർക്കുന്നതിനും നാട്ടുകാരുടെ ഗതാഗത സഞ്ചാര സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനും ടി സ്ഥലം ആവശ്യമാണെന്ന പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പരിയാരം-മാവിളക്കടവ് റോഡ് ഊരംവിള-മാവിളക്കടവ് PWD മെയിൻ റോഡുമായി ബന്ധിപ്പിക്കുന്നതിന് കുളത്തൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 45-ൽ സർവ്വെ നമ്പർ 91/12-ൽ ഉൾപ്പെട്ട 1 ആർ സ്ഥലം ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകളോടെ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3 (1), (2), ചട്ടം 4 (1) എന്നിവ പ്രകാരം നിലവിൽ പ്രാബല്യത്തിലുള്ള ഭൂമി വിലയ്ക്കെടുക്കൽ ആക്ടായ LARR. Act 2013 പ്രകാരം ആർജ്ജിക്കുന്നതിന് കുളത്തൂർ ഗ്രാമപഞ്ചായത്തിന് ഭരണാനുമതി നൽകി ഉത്തരാവുകുന്നു.

- വസ്തു പൊന്നും വിലയ്ക്കെടുക്കുന്ന നടപടിയിൽ വില സംബന്ധമായി ഭാവിയിൽ ഉണ്ടായേക്കാവുന്ന എല്ലാ വ്യവഹാരങ്ങളിലും പഞ്ചായത്ത് പൂർണ്ണ ഉത്തരവാദിയായിരിക്കുന്നതാണ്.
- പൊന്നുംവിലയ്ക്കെടുക്കുന്ന വസ്തുവുമായി ബന്ധപ്പെട്ട യാതൊരു വിധത്തിലുള്ള ബാധ്യതകളും സർക്കാർ ഒരു കാരണവശാലും ഏറ്റെടുക്കുന്നതല്ല.
- സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ മുഴുവൻ തുകയും ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കിയതിനു ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവൂ.
- നിർദ്ദിഷ്ട റോഡ് നിർമ്മാണത്തിന് മാത്രമേ ടി വസ്തു ഉപയോഗിക്കാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കുളത്തൂർ ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ &പി.ആർ.ഡി., (വെബ് & ന്യൂ മീഡിയ).
റവന്യൂ വകുപ്പ് (ഫയൽ നം. ബി3/374/2023/റവന്യൂ പ്രകാരം)
നിയമ വകുപ്പ് (ഫയൽ നം. OPN-D3/162/2023/LAW പ്രകാരം)
കരുതൽ ശേഖരം/ ഓഫീസ് കോപ്പി (ആർ.ഇ1/45/2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 20-12-2024 16:12:02

സെക്ഷൻ ഓഫീസർ